പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6806 — 13.7.2012 ൽ മറുപടിക്ക്

എറണാകുളം റീജിയണൽ ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)ജീവൻ രക്ഷാ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന ഊർജ്ജിതമാക്കുന്നതിനായി എറണാകുളത്ത് കാക്കനാട് നിർമ്മിക്കുന്ന റീജിയണൽ ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് പറയുമോ; | (എ) എറണാകുളത്ത് കാക്കനാട് നിർമ്മിക്കുന്ന റീജിയണൽ ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സിവിൽ വർക്ക് ഏകദേശം പൂർത്തിയായി. Plumbing and Electrical works, Electronic works, Plastering എന്നിവ നടന്നു കൊണ്ടിരിക്കുന്നു. |
| (ബി)എങ്കിൽ പ്രസ്തുത ലബോറട്ടറിക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ, അനുബന്ധ കെമിക്കലുകൾ, ഓഫീസ് സാമഗ്രികൾ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) പ്രസ്തുത ലബോറട്ടറിയിലേക്കും തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കും ആവശ്യമായ ആധുനിക ഉപകരണങ്ങൾ, അനുബന്ധ കെമിക്കലുകൾ, ഓഫീസ് സാമഗ്രികൾ എന്നിവയ്ക്ക് 2012-13 വർഷത്തിൽ 380 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി)ലബോറട്ടറിയുടെ ഔദ്യോഗിക പ്രവർത്തനോത്ഘാടനം എന്ന് നടത്താനാകും; | (സി) 2013 മാർച്ചിൽ പ്രസ്തുത ലാബിന്റെ ഔദ്യോഗിക പ്രവർത്തനോത്ഘാടനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി)ലബോറട്ടറിക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) ലബോറട്ടറിക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ